**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4323** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | കേരള സംസ്ഥാന സർക്കാറിന്റെ ധനകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വാണിജ്യ വകുപ്പായ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാർ ജീവനക്കാർക്കുള്ള ലൈഫ് ഇൻഷ്വറൻസ് പദ്ധതികളും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ ആസ്തികളിന്മേലുള്ള ജനറൽ ഇൻഷ്വറൻസും നടപ്പിലാക്കി വരുന്നു. ജീവനും സ്വത്തിനും പരിരക്ഷ നൽകുന്നതോടൊപ്പം മെച്ചപ്പെട്ട സമ്പാദ്യം ഉറപ്പ് വരുത്തുന്ന വിവിധങ്ങളായ പദ്ധതികൾ വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. മികച്ച സാമൂഹിക സുരക്ഷ പദ്ധതികൾ നടപ്പിലാക്കികൊണ്ട് സർക്കാർ, അർദ്ധസർക്കാർ, ബോർഡ്,കോർപ്പറേഷൻ , സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിരക്ഷ ഉറപ്പ് വരുത്തുന്നു. |
| (ബി) | ഏതൊക്കെ വിഭാഗത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷകളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രധാനമായും രണ്ട് തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷകളാണ് വകുപ്പ് വഴി നൽകി വരുന്നത്; ലൈഫ് ഇൻഷ്വറൻസും,ജനറൽ ഇൻഷ്വറൻസും. |
| (സി) | ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പോളിസികൾ സംബന്ധിച്ച സ്ഥിതിവിവരം അറിയാൻ ഓൺലൈൻ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതാണ്. |
| (ഡി) | ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി ഏറ്റെടുക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സാധിക്കുമോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി ഏറ്റെടുക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് നിലവിൽ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ